**"ഭരണഭാഷ-മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് - കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് - ജീവൻരക്ഷാ പദ്ധതി - 2025 വർഷത്തേക്കുള്ള പദ്ധതി പുതുക്കൽ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ്-ഡി) വകുപ്പ്**

**സ.ഉ(അച്ചടി)നം.99/2024/ധന** **തീയതി,തിരുവനന്തപുരം, 19/11/2024**

പരാമർശം :- 1. സ.ഉ(പി) നം. 616/2010/ധന തീയതി 23/11/2010
2. സർക്കുലർ നം 57/2019/ധന തീയതി 30/05/2019
3. സ.ഉ(പി) നം. 17/2023/ധന തീയതി 22/02/2023
4. സ.ഉ(പി)നം.112/2023/ധന തീയതി 18/11/2023
5. 09/10/2024, 07/11/2024 തീയതിയിലെ ഇൻഷ്വറൻസ് ഡയറക്ടറുടെ ഇൻഷ്വ/എം1/ഇ.585363/2024 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി (ജി.പി.എ.ഐ.എസ്) പരാമർശം 1 ഉത്തരവ് പ്രകാരം കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന 2011 വർഷം നടപ്പിലാക്കിയിട്ടുള്ളതും, പരാമർശം 3 പ്രകാരം ടി പദ്ധതി "ജീവൻരക്ഷാ" എന്നു പുനർനാമകരണം ചെയ്തുകൊണ്ട് സംസ്ഥാനത്തെ പാർട്ട് ടൈം കണ്ടിജന്റ് എംപ്ലോയീസ് ഉൾപ്പെടുന്ന സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, എയ്ഡഡ് സ്കൂൾ/കോളേജ് സ്ഥാപനങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ, പഞ്ചായത്ത്/ മുൻസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാർ, മുൻസിപ്പൽ കോമൺ സർവ്വീസിലെ കണ്ടിജന്റ് ജീവനക്കാർ, സർവ്വകലാശാല ജീവനക്കാർ, എസ്.എൽ.ആർ വിഭാഗം ജീവനക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ/സഹകരണ സ്ഥാപനങ്ങൾ/സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാർ, സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ കമ്മീഷൻ വ്യവസ്ഥയിൽ സേവനം അനുഷ്ഠിക്കുന്ന നിക്ഷേപ/ വായ്പാ പിരിവുകാർ, അപ്രൈസർമാർ, വെറ്ററിനറി സർവകലാശാല ഫാമിലെ സ്ഥിരം ജീവനക്കാർ, മൃഗ സംരക്ഷണ വകുപ്പിന് കീഴിലുള്ള പത്തനംതിട്ട നിരണം ഡക്ക് ഫാമിലെ സ്ഥിരം തൊഴിലാളികൾ എന്നീ ജീവനക്കാർക്കെല്ലാം ബാധകമാക്കിയിട്ടുള്ളതുമാണ്. പരാമർശം 4 പ്രകാരം ജീവൻരക്ഷാ പദ്ധതി 2024 ഡിസംബർ 31 വരെ ദീർഘിപ്പിച്ച് ഉത്തരവായിരുന്നു. നിലവിലുള്ള പദ്ധതിയുടെ കാലാവധി 31/12/2024 ന് അവസാനിക്കുന്ന സാഹചര്യത്തിൽ, ടി പദ്ധതി **01/01/2025 മുതൽ 31/12/2025** വരെ ആവശ്യമായ ഭേദഗതികളോടുകൂടി ദീർഘിപ്പിക്കുന്നതിനും പുതുക്കി നടപ്പാക്കുന്നതിനുമായി പരാമർശം 5 പ്രകാരം കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർ ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

ഡയറക്ടറുടെ ശിപാർശ സർക്കാർ വിശദമായി പരിശോധിച്ചു. നിലവിലുള്ള വ്യവസ്ഥകളെല്ലാം അതേപടി നിലനിർത്തിക്കൊണ്ട് 2025 വർഷത്തേക്കുള്ള ജീവൻ രക്ഷാ പദ്ധതി (01/01/2025 മുതൽ 31/12/2025 വരെ) പുതുക്കി ഉത്തരവാകുന്നു. പദ്ധതിയിലെ വ്യവസ്ഥകൾ ചുവടെ പറയും പ്രകാരമാണ്.

i) വാർഷിക പ്രീമിയം 1000/- രൂപ നിരക്കിൽ, അപകടം മൂലമുള്ള മരണത്തിന്റെ പരിരക്ഷ 15 ലക്ഷം രൂപയായും അപകടം അല്ലാതെയുള്ള മരണത്തിന്റെ പരിരക്ഷ 5 ലക്ഷം രൂപയായും ഉടരുന്നതാണ്.

ii) **<u>ജീവൻ രക്ഷ – പരിരക്ഷ ആനുകൂല്യങ്ങൾ</u>**

| | | |
|---|---|---|
| 1 | 2 കൈ / 2 കാൽ /ഒരു കൈയും ഒരു കാലും / രണ്ട് കണ്ണി ന്റെ കാഴ്ച /ഒരു കണ്ണിന്റെ കാഴ്ചയും ഒരു കൈയ്യോ ഒരു കാലോ അപകടത്തിൽ നഷ്ടപ്പെട്ടാൽ | വാഗ്ദത്തതുകയുടെ 100% |
| 2 | ഒരു കണ്ണിന്റെ കാഴ്ചയോ /ഒരു കൈയ്യോ /ഒരു കാലോ മാത്രം അപകടത്തിൽ നഷ്ടപ്പെട്ടാൽ | വാഗ്ദത്തതുകയുടെ 50% |
| 3 | രണ്ട് ചെവികളുടേയും കേൾവി അപകടത്തിൽ നഷ്ടപ്പെട്ടാൽ | വാഗ്ദത്തതുകയുടെ 50% |
| 4 | ഒരു ചെവിയുടെ കേൾവി അപകടത്തിൽ നഷ്ടപ്പെട്ടാൽ | വാഗ്ദത്തതുകയുടെ 25% |
| 5 | ഒരു കൈപ്പത്തി /ഒരു കാൽ പാദം അപകടത്തിൽ നഷ്ടപ്പെട്ടാൽ | വാഗ്ദത്തതുകയുടെ 40% |
| 6 | **വിരലുകൾ അപകടത്തിൽ നഷ്ടപ്പെട്ടാൽ** | |
| | a)ഒരു കൈയിലെ പെരുവിരൽ ഉൾപ്പെടെ 4 വിരലുകൾ അപകടത്തിൽ നഷ്ടപ്പെട്ടാൽ | വാഗ്ദത്തതുകയുടെ 40% |
| | b)ഒരു കൈയിലെ പെരുവിരൽ ഉൾപ്പെടാതെ 4 വിരലുകൾ നഷ്ടപ്പെട്ടാൽ | വാഗ്ദത്തതുകയുടെ 35% |
| | c)പെരുവിരലിലെ രണ്ട് ഭാഗം (phalanges) നഷ്ടപ്പെട്ടാൽ | വാഗ്ദത്തതുകയുടെ 25% |
| | d)പെരുവിരലിലെ ഒരു ഭാഗം (phalanges ) നഷ്ടപ്പെട്ടാൽ | വാഗ്ദത്തതുകയുടെ 10% |
| | (e) ചൂണ്ടുവിരലിലെ 3 ഭാഗം (phalanges ) നഷ്ടപ്പെട്ടാൽ | വാഗ്ദത്തതുകയുടെ 10% |
| | (f) ചൂണ്ടുവിരലിലെ 2 ഭാഗം (phalanges ) നഷ്ടപ്പെട്ടാൽ | വാഗ്ദത്തതുകയുടെ 8% |
| | (g) ചൂണ്ടുവിരലിലെ 1 ഭാഗം (phalanges ) നഷ്ടപ്പെട്ടാൽ | വാഗ്ദത്തതുകയുടെ 4% |
| | (h) നടുവിരലിലെ 3 ഭാഗം (phalanges ) നഷ്ടപ്പെട്ടാൽ | വാഗ്ദത്തതുകയുടെ 6% |
| | (i) നടുവിരലിലെ 2 ഭാഗം (phalanges ) നഷ്ടപ്പെട്ടാൽ | വാഗ്ദത്തതുകയുടെ 4% |

| | | |
|---|---|---|
| | (j) നടുവിരലിലെ 1 ഭാഗം (phalanges ) നഷ്ടപ്പെട്ടാൽ | വാദ്യത്തുകയുടെ 2% |
| | (k) മോതിര വിരലിലെ 3 ഭാഗം (phalanges ) നഷ്ടപ്പെട്ടാൽ | വാദ്യത്തുകയുടെ 5% |
| | (l) മോതിര വിരലിലെ 2 ഭാഗം (phalanges ) നഷ്ടപ്പെട്ടാൽ | വാദ്യത്തുകയുടെ 4% |
| | (m)മോതിര വിരലിലെ 1 ഭാഗം (phalanges) നഷ്ടപ്പെട്ടാൽ | വാദ്യത്തുകയുടെ 2% |
| | (n) ചെറുവിരലിലെ 3 ഭാഗം (phalanges ) നഷ്ടപ്പെട്ടാൽ | വാദ്യത്തുകയുടെ 4% |
| | (o) ചെറുവിരലിലെ 2 ഭാഗം (phalanges ) നഷ്ടപ്പെട്ടാൽ | വാദ്യത്തുകയുടെ 3% |
| | (p) ചെറുവിരലിലെ 1 ഭാഗം (phalanges ) നഷ്ടപ്പെട്ടാൽ | വാദ്യത്തുകയുടെ 2% |
| 7 | കാൽവിരലുകൾ നഷ്ടപ്പെട്ടാൽ | ഒരു വിരലിന് 2%<br>( വാദ്യത്തുകയുടെ പരമാവധി 10%) |
| 8 | അപകടത്തെ തുടർന്ന് മെഡിക്കൽ ബോർഡ് സാക്ഷ്യപ്പെടുത്തിയ ശതമാനാടിസ്ഥാനത്തിലുള്ള അംഗവൈകല്യം | |
| | (a) 40%- 60% അംഗവൈകല്യം | വാദ്യത്തുകയുടെ 50% |
| | (b) 60%- 80% അംഗവൈകല്യം | വാദ്യത്തുകയുടെ 75% |
| | (c) 80% ൽ കൂടുതൽ അംഗവൈകല്യം | വാദ്യത്തുകയുടെ 100% |
| 9 | സ്ഥിരവും സമ്പൂർണവുമായ അംഗവൈകല്യം<br>( ടോട്ടൽ പെർമനന്റ് ഡിസബിലിറ്റി) | വാദ്യത്തുകയുടെ 100% |

iii) ഇന്ത്യ റിസർവ് ബറ്റാലിയൻ കമാൻഡോകൾക്കും, കോസ്റ്റൽ പോലീസ് ജീവനക്കാർക്കും 1000 രൂപ പ്രീമിയം നിരക്കിൽ അപകടം മൂലമുള്ള മരണത്തിന് അനുവദിച്ചിട്ടുള്ള ക്ലെയിം തുക 15 ലക്ഷം രൂപയായും കമാന്റോ ഓപ്പറേഷൻ ഡ്യൂട്ടിക്കിടയിൽ സംഭവിക്കുന്ന അപകടമരണങ്ങൾക്ക് 20 ലക്ഷം രൂപയായും അപകടം അല്ലാതെയുള്ള മരണത്തിന് സമാശ്വാസ തുക 5 ലക്ഷം രൂപയായും തുടരുന്നതാണ്.

iv) GST ബാധകമായ സ്ഥാപനങ്ങൾ ആയത് കൂടി ഒടുക്കേണ്ടതാണ്.

v) ജനുവരി 2025 മുതൽ ഡിസംബർ 2025 വരെയുള്ള പദ്ധതി കാലയളവിനുള്ളിൽ സർവ്വീസിൽ നിന്ന് വിരമിക്കുന്നവർക്കും പദ്ധതിയുടെ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

vi) 01/01/2025 മുതൽ സർവ്വീസിൽ പ്രവേശിക്കുന്ന പുതിയ ജീവനക്കാർക്ക് 2025 വർഷത്തേക്കുള്ള ജീവൻ രക്ഷാ പദ്ധതി ബാധകമല്ല

vii) 2025 വർഷത്തേയ്ക്കുള്ള പ്രീമിയം 2024 നവംബർ മാസത്തെ ശമ്പളത്തിൽ നിന്ന് ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർമാർ കിഴിവ് നടത്തി 2024 ഡിസംബർ 31 നകം ഇൻഷ്വറൻസ് & പെൻഷൻ ഫണ്ടിന് കീഴിൽ 8011-00-105-89 ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി എന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണ്. ശൂന്യവേതനാവധിയിലുള്ളവർ, അന്യത്ര സേവനത്തിലായിരിക്കുന്നവർ, സസ്പെൻഷനിലുള്ളവർ, മറ്റ് ഏതെങ്കിലും രീതിയിൽ അവധിയിലുള്ളവർ ,പേസ്ലിപ്പ് ലഭിക്കാത്ത കാരണത്താൽ ശമ്പളം ലഭിക്കാത്തവർ, മറ്റെന്തെങ്കിലും കാരണത്താൽ ശമ്പളം ലഭിക്കാത്തവർ എന്നിവർ 2024 ഡിസംബർ 31 - നകം സ്വന്തം നിലയ്ക്ക് പ്രീമിയം തുക ഡി.ഡി.ഒ മുഖാന്തരമോ, നേരിട്ടോ മേൽ പറഞ്ഞ ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണ്.

viii) ശൂന്യവേതനാവധിയിലുള്ളവർ, അന്യത്ര സേവനത്തിലുള്ളവർ, മറ്റ് ഏതെങ്കിലും രീതിയിൽ അവധിയിലുള്ളവർ, പേസ്ലിപ്പ് ലഭിക്കാത്ത കാരണത്താൽ ശമ്പളം ലഭിക്കാത്തവർ, മറ്റെന്തെങ്കിലും കാരണത്താൽ ശമ്പളം ലഭിക്കാത്തവർ എന്നീ ജീവനക്കാർ ഒഴികെയുള്ള മറ്റ് ജീവനക്കാരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഇൻഷ്വറൻസ് പുതുക്കാതിരിക്കുന്നതു മൂലം ഉണ്ടാകുന്ന ബാധ്യത ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഉദ്യോഗസ്ഥർ/സെൽഫ് ഡ്രോയിംഗ് ഉദ്യോഗസ്ഥർ/ചെക്ക് ഇഷ്യൂയിംഗ് ഉദ്യോഗസ്ഥർ/ജീവനക്കാരുടെ ശമ്പളം പിൻവലിക്കുവാനും നൽകുവാനും അധികാരപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥർ എന്നിവരുടെ മേൽ വ്യക്തിപരമായി നിക്ഷിപ്തമാണ്.

ix) ജീവൻരക്ഷാ/ജി.പി.എ.ഐ.എസ് പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെ മറ്റെല്ലാ വ്യവസ്ഥകളും മാറ്റമില്ലാതെ തുടരുന്നതാണ്. എന്തെങ്കിലും തർക്കമുണ്ടാകുന്നപക്ഷം 1938-ലെ ഇൻഷ്വറൻസ് ആക്റ്റിൽ പരാമർശിച്ചിരിക്കുന്ന ചട്ടങ്ങൾ നിലനിൽക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം )

**ശ്രീനി ജി**

**അഡീഷണൽ സെക്രട്ടറി (ധനകാര്യം )**

**പകർപ്പ്:-**

അക്കൗണ്ടന്റ് ജനറൽ (എ&ഇ )കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം
എല്ലാ വകുപ്പ് തലവൻമാർക്കും, ഓഫീസർമാർക്കും
എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെയും തലവൻമാർക്കും
എല്ലാ സഹകരണ സ്ഥാപനങ്ങളുടെയും തലവൻമാർക്കും
എല്ലാ സ്വയം ഭരണ സ്ഥാപനങ്ങളുടെയും മറ്റു അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെയും തലവൻമാർക്കും
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
ഇൻഷ്വറൻസ് ഡയറക്ടർ, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
രജിസ്ട്രാർ, ബഹു.കേരള ഹൈക്കോടതി, എറണാകുളം.

എല്ലാ യൂണിവേഴ്സിറ്റികളുടെയും രജിസ്ട്രാർമാർക്ക്.
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല മണ്ണുത്തി, തൃശ്ശൂർ.
രജിസ്ട്രാർ, സഹകരണ സംഘം സൊസൈറ്റികൾ, തിരുവനന്തപുരം.(എല്ലാ സഹകരണ സ്ഥാപനങ്ങളും ഈ ഉത്തരവ് സംബന്ധിച്ച് വ്യാപക പ്രചാരണം നൽകേണ്ടതാണ്.)
സെക്രട്ടറി, ഓംബുഡ്സ്മാൻ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം.
ചീഫ് സെക്രട്ടറി
സർക്കാരിന്റെ എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർ/സ്പെഷ്യൽ സെക്രട്ടറിമാർ/അഡീഷണൽ സെക്രട്ടറിമാർ/ജോയിന്റ് സെക്രട്ടറിമാർ/ഡെപ്യൂട്ടി സെക്രട്ടറിമാർ/അണ്ടർ സെക്രട്ടറിമാർ എന്നിവർക്കും.
നിയമസഭാ സ്പീക്കറുടെയും, ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.
സെക്രട്ടറി, മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം.
മുഖ്യമന്ത്രിയുടെയും, മറ്റ് മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി.
ചെയർമാൻ, ഭരണപരിഷ്കാര കമ്മീഷൻ.
സംസ്ഥാന മുഖ്യ വിവരാവകാശ കമ്മീഷണർ.
വെബ്&ന്യൂ മീഡിയ, പബ്ലിക് റിലേഷൻ വകുപ്പ്.
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in
സ്പാർക്ക്, പി.എം.യു – 1st ഫ്ലോർ, ഡി.പി.സി ബിൽഡിംഗ്, കേരള യൂണിവേഴ്സിറ്റി ക്യാമ്പസ്, പാളയം, തിരുവനന്തപുരം-695034
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.(E.2941583/എസ്റ്റാ.ഡി3/60/2024/ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**Endt. on KAUFIN/11377/2024-FIN ES B3 dated 21-11-2024**

**Copy of Govt. Order no.99/2024/fin dated 19-11-2024 communicated to:**

**All Drawing & Disbursing Officers /All Head of Stations /JD (KSAD)/ P.S to Vice-chancellor/ P.A. to Vice-chancellor / P.A to Registrar / P.A to Comptroller / P.A to D.P.P/ F.A to D.P.P/ Steno to Director of Research/ / Joint Registrar (Admn I&II) / Joint Registrar (Acad) / Dy. Comptroller (P&L) / Deputy Comptroller (IAC-CR) / Dy. Comptroller (B&P) / Assistant Comptroller (IAC – NR)/ Deputy. Comptroller (IAC-SR)/ Asst. Registrar (Admn1) / Asst. Registrar (Admn II) / Asst. Registrar (GC& EC, Legal)/ Asst. Comptroller (B&M) / Asst. Comptroller (DD&A) / Asst. Comptroller (P&L) / Recruitment Officer/ Systems Manager (to publish in KAU Website) / A.O (Directorate of research)/ Pool Officer/ Labour Officer/PRO/SectionOfficers-Bill/Cash/ES(A)/ES(B)/GA-A/GA-B/GA-sections/Announce/Stock File for information and Strict compliance wrt Permanent Labourers ,Staff and Teachers ,levying GST @18%**

Signed by
K Madan Kumar
**COMPTROLLER**
Date: 21-11-2024 22:55:53